# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.948   01.03.2017 ൽ മറുപടിക്ക്**

## ചെങ്ങന്നൂർ താലൂക്കിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

**ചോദ്യം**

**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ:**

(എ) ചെങ്ങന്നൂർ താലൂക്കിൽ വെണ്മണി പഞ്ചായത്തിൽ ചാങ്ങപ്പാടം, മേനിലം, ഇളനീർപാടം, പള്ളിമുക്ക് എന്നീ പാടങ്ങളിലേക്ക് കൃഷിക്ക് ജലസേചന സൗകര്യമുണ്ടാക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം 88 ലക്ഷം രൂപ മുടക്കി നടപ്പാക്കിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം ഇപ്പോഴുള്ള നെൽകൃഷിക്ക് വെള്ള മെത്തിക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) ചെങ്ങന്നൂർ താലൂക്കിൽ വെണ്മണി പഞ്ചായത്തിൽ ചാങ്ങപ്പാടം, മേനിലം, ഇളനീർപാടം, പള്ളിമുക്ക് എന്നീ പാടങ്ങളിലേക്ക് കൃഷിക്ക് ജലസേചന സൗകര്യമൊരുക്കുന്നതിന് റീവാമ്പിങ് മുഖേന പമ്പ്, മോട്ടോർ, പാനൽ ബോർഡ് എന്നിവ സ്ഥാപിച്ചെങ്കിലും വൈദ്യുതി കണക്ഷൻ കൊടുക്കാൻ സാധിച്ചില്ല. കാരണം നിലവിൽ ഉണ്ടായിരുന്ന കണക്ഷനിൽ ഒരു മോട്ടോറെ പ്രവർത്തിക്കാൻ സാധിക്കുമായിരുന്നുള്ളു. എന്നാൽ കർഷകരുടെ നിരന്തര ആവശ്യ പ്രകാരം രണ്ടു പമ്പുകളും ഒരുമിച്ച് പ്രവർത്തിപ്പിച്ചതിനാൽ നിലവിലുള്ള ഇലക്ട്രിക്കൽ സംവിധാനം കത്തിപോവുകയും പുതിയ മോട്ടോർ കണക്റ്റ് ചെയ്യുന്ന തിനുവേണ്ടി പുതിയ മീറ്റർ സ്ഥാപിക്കുന്നതിന് 5000/- രൂപ അടച്ച് ഒരു മോട്ടോറും പമ്പും പ്രവർത്തനക്ഷമമാക്കുകയും ചെയ്തു.

രണ്ട് മോട്ടോറും ഒരുമിച്ച് പ്രവർത്തിക്കാൻ പുതിയ ട്രാൻസ്ഫോർമറിൽ നിന്ന് കണക്ഷൻ എടുക്കുന്നതിന് 38250/- രൂപ അടച്ചേ മതിയാവുള്ളു എന്ന KSEB യുടെ കടുത്ത നിലപാടുമൂലമാണ് സാധിക്കാതെ പോയത്. എന്നാൽ ബഹു: ചെങ്ങന്നൂർ MLA യുടെ ഇടപെടലിലൂടെ ബന്ധപ്പെട്ട ചെറുകിട ജലസേചന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ പുതിയ ട്രാൻസ്ഫോർമറിൽ നിന്നും കണക്ഷൻ ലഭിക്കുകയും ഇപ്പോൾ ആവശ്യാനുസരണം യഥേഷ്ടം വെള്ളം പമ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| (ബി) ലിഫ്റ്റ് ഇറിഗേഷനുമായി ബന്ധപ്പെട്ട് 45 എച്ച് .പി. മോട്ടോർ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) & (സി)<br><br>ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിഭാഗങ്ങളുടെ എൻ ഓ സി KSEB യിൽ നല്കി KSEB നിശ്ചയിക്കുന്ന കണക്ഷൻ ചാർജ് അടച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതാണ്. |
| സി) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രകാരം മോട്ടോറിനു വൈദ്യുതി കണക്ഷൻ എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**